## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – T 1707 — 10.03.2020-ൽ മറുപടിയ്ക്ക്

## ഒന്നാം ലോക കേരള സഭ

| ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| --- | --- |
| എ) ഒന്നാം ലോക കേരള സഭയുടെ നടത്തിപ്പിന് 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) ഒന്നാം ലോക കേരള സഭയുടെ നടത്തിപ്പിന് 2018-19 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും പ്രളയദുരന്തവുമായി ബന്ധപ്പെട്ട് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി 5 കോടി രൂപ പ്ലാൻ കട്ട് വരുത്തിയിരുന്നു. ബാക്കിയുള്ള അഞ്ച് കോടി രൂപയിൽ നിന്നും 2,48,14,659/- രൂപ (രണ്ടു കോടി നാൽപത്തിയെട്ടു ലക്ഷത്തി പതിനാലായിരത്തി അറുന്നൂറ്റി അൻപത്തിയൊമ്പതു രൂപ മാത്രം) ഒന്നാം ലോക കേരള സഭയുടെ സംഘാടനത്തിനായി അനുവദിച്ചിട്ടുണ്ട്. |
| ബി) ഒന്നാം ലോക കേരള സഭയുടെ ചെലവുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഡിറ്റിംഗ് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | ബി) ഒന്നാം ലോക കേരള സഭയുടെ ചെലവുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച്, പ്രത്യേക പരാമർശങ്ങളോ അഭിപ്രായങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ